(ബി) അപ്പീലുകൾവഴി സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത് എ ഗ്രേഡ് നേടുന്നവർക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദാംശം അറിയിക്കുമോ ;

(ഡി) ജില്ലാതലത്തിൽ ഗ്രേഡ് നേടുന്നവർക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത് ആദ്യത്തെ മൂന്ന് ഗ്രേഡുകൾ കരസ്ഥമാക്കുന്നവർക്ക് താഴെ സൂചിപ്പിക്കുംപ്രകാരം ഗ്രേസ് മാർക്ക് നൽകിവരുന്നു :

എ ഗ്രേഡ് .. 30 മാർക്ക്

ബി ഗ്രേഡ് .. 24 മാർക്ക്

സി ഗ്രേഡ് .. 18 മാർക്ക്

(ബി&സി) അപ്പീലുകൾവഴി സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത് ഗ്രേഡ് നേടുന്നവർക്ക് ഗ്രേസ്മാർക്ക് നൽകണമെങ്കിൽ, അവർക്ക് സ്വന്തം റവന്യൂ ജില്ലയിൽ നിന്ന് ഒന്നാം സ്ഥാനം കരസ്ഥമാക്കി സംസ്ഥാന തലത്തിൽ എത്തിയ വിദ്യാർത്ഥി കരസ്ഥമാക്കിയ പോയിന്റ്/മാർക്കിനേക്കാൾ കൂടുതൽ കിട്ടിയിരിക്കണം.

(ഡി) പത്താംതരത്തിൽ പഠിക്കുമ്പോൾ റവന്യൂ ജില്ലാതല യുവജനോത്സവത്തിൽ 'എ' ഗ്രേഡ് ലഭിച്ചവർക്ക് എട്ടാം ക്ലാസിലോ ഒമ്പതാംക്ലാസിലോ അതേ ഇനത്തിൽ സംസ്ഥാനതല യുവജനോത്സവത്തിൽ ഗ്രേഡ് ലഭിച്ചിട്ടുണ്ടെങ്കിൽ ഗ്രേസ് മാർക്ക് നൽകുന്നതാണ്.

കുന്നംകുളം സർക്കാർ മോഡൽ ബോയ്സ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം

49 (2052) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം സർക്കാർ മോഡൽ ബോയ്സ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിഭാഗം പ്രവർത്തിക്കുന്നത് 100-ൽ അധികം വർഷം പഴക്കമുള്ള കെട്ടിടത്തിലാണ് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും സുരക്ഷിതത്വം കണക്കിലെടുത്ത് പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 18-1-1996-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നം.14/96/പൊ.വി. പ്രകാരം സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും സംരക്ഷണവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന് ഇത് സംബന്ധിച്ച് ഫണ്ടോ പദ്ധതികളോ നിലവിലില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആണ് അതത് സ്ഥലങ്ങളിലെ സ്കൂളുകളിലെ ആവശ്യം പരിഗണിച്ച് വിഭവങ്ങൾ വിനിയോഗിക്കുന്നത്.

സംസ്ഥാനത്തെ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

50 (2053) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ഒ.ബി.സി. വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിക്കാൻ എത്ര രൂപ ചെലവ് വരുമെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ തയ്യാറാകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ഉന്നയിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ-ഡി) ഇല്ല.

പിന്നോക്ക ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ആനുകൂല്യമുള്ള പദ്ധതികൾ

51 (2055) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യവും സ്കോളർഷിപ്പും മറ്റ് ക്ഷേമങ്ങളുമായി നൂറ് ശതമാനം ചെലവും സംസ്ഥാനം വഹിക്കുന്ന എത്ര പദ്ധതികൾ നിലവിലുണ്ട് ; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) മേൽ പദ്ധതികൾക്ക് ഓരോന്നിനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര തുക അനുവദിച്ചു ; എത്ര തുക

LIBRARY ARCHIVES Kerala Legislative Assembly